| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനൊന്നാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3509 | | 20/06/2018 ൽ മറുപടിക്ക് | |
| ഓപ്പറേഷൻ ഗ്രാമം എന്നപേരിൽ വിജിലൻസ് അന്വേഷണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എ. പ്രദീപ്കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിൽ നെൽവയലുകളും തണ്ണീർ തടങ്ങളും മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട അഴിമതികൾ അന്വേഷിക്കുന്നതിന് ഓപ്പറേഷൻ ഗ്രാമം എന്ന പേരിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിരുന്നുവോ; | (എ) | കോഴിക്കോട് ജില്ലയിൽ 2015 വർഷത്തിൽ 'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ 8 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് അന്വേഷണം നടത്തിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണത്തിൽ കണ്ടെത്തിയതെന്നും വിശദമാക്കുമോ; | (ബി) | 09/12/2015 ന് നടത്തിയ മിന്നൽ പരിശോധനയിൽ വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ആവശ്യമായ രീതിയിൽ സേവനങ്ങൾ ലഭിക്കാത്തതും ഓഫീസിലെ തീർപ്പാക്കാത്ത ഫയലുകളും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ രേഖപ്പെടുത്താത്തതുമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട് |
| (സി) | ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ; | (സി) | മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.എസ്.സി.28/15/KKD, എസ്.സി.33/15/NRK, എസ്.സി.27/15/KKD, എസ്.സി.32/15/NRK, എസ്.സി.31/15/NRK, എസ്.സി.30/15/NRK എന്നീ അന്വേഷണ റിപോർട്ടുകൾ യഥാക്രമം 07/04/2016 , 18/05/2016, 01/06/2016, 01/06/2016, 01/06/2016, 17/08/2016 തീയതികളിൽ റവന്യൂ വകുപ്പിനും, എസ്.സി.25/15/KKD, എസ്.സി.26/15/KKD എന്നീ മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ 18/11/2016 ൽ കോഴിക്കോട് ജില്ലാ കളക്ടർക്കും നൽകിയിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം വിശദമാക്കുമോ; | (ഡി) | ഇതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | ഈ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഇ) | മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട ഭരണവകുപ്പായ റവന്യൂ വകുപ്പാണ് തുടർനടപടികൾ സ്വീകരിക്കുന്നത് |

സെക്ഷൻ ഓഫീസർ